## വിഷയസംബന്ധമായ പ്രവർത്തനപദ്ധതികൾ

### ഒന്ന്,രണ്ട് ക്ലാസുകൾ



- അടിസ്ഥാനഭാഷാ ശേഷീ പദ്ധതി
- വർക്ക്ഷീറ്റുകൾ
- അവധിക്കാല പ്രവർത്തനപാക്കേജ്
- കുട്ടിക്കൂട്ടം ക്യാമ്പുകൾ
- പഠനോപകരണശില്പശാലകൾ
- പഠനയാത്രകൾ

## വിഷയസംബന്ധമായ പ്രവർത്തനപദ്ധതികൾ

### അടിസ്ഥാന ഗണിത ശേഷീപ്രവർത്തനങ്ങൾ



- വർക്ക്ഷീറ്റുകൾ
- ഗണിതക്കിറ്റുകൾ
- പഠനോപകരണക്കിറ്റുകൾ
- ഐസിടി– ഇന്ററാക്ടീവ് പഠനം
- മാതൃകാ ക്ലാസ്പിടിഎ

## വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ

വിവധവിഷയങ്ങളിലെ കുട്ടികളുടെ മുന്നറിവ്,അറിവ്,കഴിവ് എന്നിവ വ്യത്യസ്ത മായിരിക്കും.അതുകൊണ്ടു തന്നെ ഓരോ വിഷയത്തിന്റെയും പഠനനേട്ടങ്ങൾ ഉറപ്പാക്കാന്നതിനായി നൂതനവും വൈവിധ്യവും വിദ്യാർത്ഥിസൗഹൃദവുമായ അക്കാദമികപ്രവർത്തനങ്ങൾ ആസൂത്രണം ചെയത് നടപ്പാക്കേണ്ടത് അത്യാ വശ്യമാണ്.പ്രീപ്രൈമറി,ഇന്റഗ്രേഷൻ,നാലാംക്ലാസ്,യുപി വിഭാഗം എന്നീ നാലു മേഖലകളിലായി പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായി വിവിധങ്ങളായ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

### പ്രീപ്രൈമറി

- കളിപ്പാട്ടം - പ്രവർത്തനപുസ്തകം
- ശലഭോത്സവം അക്കാദമിക ഫെസ്റ്റ്
- കുട്ടിക്കൂട്ടം - പ്രീപ്രൈമറി ക്യാമ്പ്
- പഠനകളിയുപകരണക്കിറ്റുകൾ
- അമ്മടീച്ചർ പദ്ധതി
- രക്ഷിതാവാണ് ടീച്ചർ - പാരന്റിങ്ങ് കോഴ്സ്

### ഒന്ന്,രണ്ട് ക്ലാസുകൾ

- അടിസ്ഥാനഭാഷാശേഷീ പ്രവർത്തനങ്ങൾ
- വർക്ക്ഷീറ്റുകൾ
- സംയുക്ത ഡയറി
- അവധിക്കാല പ്രവർത്തനപാക്കേജുകൾ
- കുട്ടിക്കൂട്ടം ക്യാമ്പുകൾ
- പഠനോപകരണശില്പശാലകൾ
- പഠനയാത്രകൾ
- കുട്ടികളുടെ പബ്ലിക്കേഷനുകൾ
- സ്വീറ്റ് ഇംഗ്ലീഷ് പദ്ധതി
- ക്ലാസ്തല ബാലസഭകൾ
- മാതൃകാക്ലാസ്പിടിഎ

- ഐസിടി - പഠനപദ്ധതി
- മാതൃകാ ക്ലാസ് ലൈബ്രറി
- രക്ഷിതാവാണ് ടീച്ചർ - പാരന്റിങ്ങ് കോഴ്സ്

**അടിസ്ഥാന ഗണിതശേഷീപ്രവർത്തനങ്ങൾ**

- വർക്ക്ഷീറ്റുകൾ
- ഗണിതക്കിറ്റുകൾ
- പഠനോപകരണക്കിറ്റുകൾ
- ഐസിടി - ഇന്ററാക്ടീവ് പഠനപരിപാടി

**3,4 ക്ലാസുകൾ**

- വിഷയസംബന്ധ വർക്ക്ഷീറ്റുകൾ
- ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം
- ക്ലാസ് തലക്യാമ്പുകൾ
- ശാസ്ത്ര പരീക്ഷണക്കളരികൾ
- ഈസി മാത്സ് - ഗണിത പഠനപദ്ധതി
- ഒപ്പം - ഐസിടി - ഭാഷാ,ഗണിതപഠനപദ്ധതി
- പഠനപിന്നോക്കാവസ്ഥ - ആക്ഷൻ റിസർച്ച്
- വിജ്ഞാനച്ചെപ്പ് - പൊതുവിജ്ഞാന പരിപാടി
- ദിനാചരണങ്ങൾ - പ്രവർത്തനകലണ്ടറുകൾ
- എൽ എസ് എസ് പൊതുപരീക്ഷാ പരിശീലനം
- ശുചിത്വം - തുടരേണ്ട നന്മ - സമഗ്രശുചിത്വ പദ്ധതി
- മെട്രിക്ക് ക്യാമ്പ്
- രക്ഷിതാവാണ് ടീച്ചർ - പാരന്റിങ്ങ് കോഴ്സ്

**യുപി വിഭാഗം**

- യുഎസ് എസ് പൊതു പരീക്ഷാപരിശീലനം
- ഭാഷാ പഠനത്തിന് തിയേറ്റർ പരിശീലനം
- ഹിന്ദി മഞ്ച്
- ഒപ്പം - പിന്നോക്കക്കാർക്കുള്ള ഭാഷാശേഷീ വികസന പദ്ധതി
- സർഗ്ഗോത്സവം - വായനാ,രചനാ ക്യാമ്പുൾ
- പഠനയാത്ര

- കാലിക വിഷയങ്ങളോട് പ്രതികരിക്കാൻ വിദ്യാലയ കലാട്രൂപ്പ്
- പ്രാദേശികചരിത്രരചന
- രക്ഷിതാവാണ് ടീച്ചർ - പാരന്റിങ്ങ് കോഴ്സ്

**ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട,നിർദേശങ്ങൾ**

**ശാസ്ത്രം**

- സ്കൂൾ തല ബാലശാസ്ത്രകോൺഗ്രസ് സംഘടിപ്പിക്കൽ
- സ്കൂൾ തല ശാസ്ത്ര പരീക്ഷണക്കളരി
- സയൻസ് ക്ലബ്ബ്, ഇക്കോക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ ശാസ്ത്രദിനാചരണങ്ങൾക്ക് പ്രത്യേക പ്രവർത്തന കലണ്ടർ, ഡയറി എന്നിവ തയ്യാറാക്കൽ
- സഞ്ചരിക്കുന്ന ശാസ്ത്രമാസികക്ക് തുടക്കമിടൽ

**ഗണിതശാസ്ത്രം**

- അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്ന ബ്രിഡ്ജ് മെറ്റീരിയൽ തയ്യാറാക്കൽ
- മെട്രിക്ക് ക്യാമ്പുകൾ
- പ്രതിവാര ഗണിതക്വിസുകൾ
- ഗണിതലാബ് സജ്ജമാക്കൽ
- ഗണിതം - പഠനോകരണ ശില്പശാല
- ഗണിത പ്രൊജക്ടുകൾ

**ആരോഗ്യ കായിക പരിശീലനം**

- കായികക്ഷമത  വർധിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ
- പോഷകാഹാര നിർമാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം
- പോഷകാഹാരം കുട്ടികൾക്കുള്ള  പരിശീലന ക്ലാസുകൾ
- നിരന്തരവിലയിരുത്തൽ - ക്ലാസ്തല മാതൃക രൂപീകരിക്കൽ



## അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ



## അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ

### 1.**രക്ഷിതാക്കൾക്കുള്ള പാരന്റിങ്ങ് കോഴ്സ്**

രക്ഷാകർത്തൃ പിന്തുണാസംവിധാനം ഫലപ്രദമാക്കുന്നതിനായി രക്ഷിതാക്കൾക്കുള്ള സമഗ്ര പരിശീലനപരിപാടി വിദ്യായത്തിൽ സംഘടിപ്പിക്കും.പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് ഒരു അക്കാദമിക വർഷം മൂന്ന് ഘട്ടങ്ങളിലായുള്ള പരിശീലനങ്ങൾ (ഓഫ്‌ലൈൻ 3 + ഓൺലൈൻ 5 – 8 മണിക്കൂർ) സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

### 2 **രക്ഷിതാക്കൾക്ക് കൈപ്പുസ്തകം**

നല്ല രക്ഷിതാവാകുന്നതെങ്ങനെ? എന്ന വിഷയത്തിൽ ഊന്നിയുള്ള കൈപ്പുസ്തകം വിദ്യാലയത്തിൽ തയ്യാറാക്കാനും ആദ്യഘട്ട രക്ഷാകർത്തൃ പരിശീലനത്തിന്റെ ഭാഗമായി വിതരണം ചെയ്യുവാനുമാണ് തീരുമാനിച്ചിരിക്കുന്നത്. സ്വയം വിലയിരുത്തലിന് സഹായകമാകും വിധം വർക്ക്ഷീറ്റുകൾ ഉൾപ്പെടെ കൈപ്പുസ്തകത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

### 3.**അച്ഛനാണ് മാതൃക – അച്ഛൻമാർക്കുള്ള പ്രത്യേക പരിശീലന പരിപാടി**

ലഹരി പിടിമുറുക്കുന്ന പശ്ചാത്തലത്തിൽ വിദ്യാലയത്തിൽ അച്ഛൻമാർക്കായി പ്രത്യേകം പരിശനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.പരീശീലന പരിപാടിക്കുള്ള മൊഡ്യൂൾ വിദ്യാലയ കോർ ടീം തയ്യാറാക്കും. കുടുംബനാഥൻ എന്നനിലയിൽ ശിശുസൗഹൃദ പഠനാന്തരീക്ഷം വീട്ടിൽ ഉറപ്പുവരുത്താൻ മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ട രക്ഷിതാക്കളെ അത്തരത്തിൽ ചിന്തിപ്പിക്കുക,പ്രവർത്തനനിരതരാക്കുക എന്നത് ലക്ഷ്യമിടുന്നു.പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

### 4.**പോഷകാഹാര നിർമാണം – അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം**

പോഷകാഹാരത്തിന്റ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്താനാവശ്യമായ പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക.പോഷകാഹാര നിർമ്മാണരീതി പരിചയപ്പെടുത്താനായി വിദ്യാലയത്തിൽ പാചകപരിശീലനം സംഘടിപ്പിക്കുക എന്നതൊക്കെ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ എന്നത് അർത്ഥവത്തായ വാക്യമാണ്.സമഗ്ര ആരോഗ്യ കായികപരിപാടിയിൽ കായിക പരിശീലനവും പോഷാകാഹാര പദ്ധതിയുയിൽ ഉൾപ്പെടും. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും കായികശേഷി ഉറപ്പു വരുത്തുക എന്നതാണ് സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.

വിവിധ കായിക ഇനങ്ങളിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും തെരഞ്ഞെടുത്ത് ചിട്ടയായ പരിശീലനം നൽകി ഭാവിയിലെ കായിക താരങ്ങളായി വാർത്തെടുക്കാനും കായികമേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ അവരെ പ്രാപതരാക്കാനും സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസപദ്ധതി വിദ്യാലയത്തിന് അത്യാവശ്യമാണ്.

**ഉദ്ദേശ്യങ്ങൾ**

ലിംഗഭേദമന്യേ വിദ്യാലയത്തിൽ എന്റോൾ ചെയ്ത മുഴുവൻ പഠിതാക്കളെയും ആരോഗ്യ കായികശേഷിയുള്ളവരാക്കി മാറ്റുകയും ആത്മവിശ്വാസത്തോടെ പഠനത്തിലും സമൂഹത്തിലും ഇടപെടാൻ പ്രാപ്തരാക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

√ തെരഞ്ഞെടുത്ത കുട്ടികൾക്ക് വിവിധ മേഖലകളിൽ പ്രഭാത,സായാഹ്ന കായിക പരിശീലനങ്ങൾ

√ സ്കൂൾ സമയത്ത് പിഇടി യുടെ പിരീഡിൽ കുട്ടികൾക്കായി സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്ത കായികപരിശീലന പദ്ധതികൾ അവതരിപ്പിക്കൽ

√ ഉപജില്ല,ജില്ലാ കായിക മേളകൾക്കായി ചിട്ടയായ പരിശീന പദ്ധതികൾ

√ കരാട്ടെ,കബഡി,തെയ്ക്കോണ്ടോ,കമ്പവലി,ചെസ് തുടങ്ങിയ ഇനങ്ങളിൽ വിദ്യാലയത്തിലെ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക

√ വിദ്യാലയത്തിൽ സമഗ്ര പോഷകാഹാര വിതരണപദ്ധതി നടപ്പിലാക്കുക.

√ അമ്മമാർക്ക് ന്യൂട്രീഷ്യൻ ക്ലാസ് സംഘടിപ്പിക്കുക.പോഷകാഹാരം തയ്യാറാക്കുന്നതിൽ പ്രായോഗിക പരിശീലനം സംഘടിപ്പിക്കുക

√ മദേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിഭവസമൃദ്ധമായ ഉച്ചഭക്ഷണപരിപാടി ഏറ്റെടുക്കുന്നു.വിഷരഹിത ജൈവ പച്ചക്കറിക്കൃഷി നടത്തി ഉച്ചഭക്ഷണത്തിനായി ഉറപ്പാക്കുന്നു.

√ രാവിലെ പ്രാതൽ കഴിക്കാത്ത കുട്ടികൾക്കും ആഹാരം ആവശ്യമുള്ളവർക്കും പിടിഎ യുടെ നേതൃത്വത്തിൽ പ്രഭാത ഭക്ഷണപരിപാടി ആരംഭിക്കൽ

√ കുട്ടികൾക്ക് മാസ്ഡ്രിൽ,എയ്റോബിക്സ് പരിശീലനം

√ സൈക്കിൾ പരിശീലനം നീന്തൽ പരിശീലനം എന്നിവ സംഘടിപ്പിക്കൽ

√ കുട്ടികൾക്കായി വ്യത്യസ്ത മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഹെൽത്ത്കാർഡ് വിതരണം ചെയ്യൽ

√ കുട്ടികൾക്ക് ആവശ്യമായ സഹായക ഉപകരണങ്ങൾ സോപോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.

സമഗ്രമായ കായിക പരിശീലനത്തിലൂടെ കുട്ടികളുടെ കായികശേഷിയും വിവിധ മേഖലകളിലെ വികാസവും ഉറപ്പുവരുത്തി മുന്നോട്ട്പോകാൻ വിദ്യാലയത്തിന് സാധിക്കും എന്നതിൽ തർക്കമില്ല.



## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

**ത**ങ്ങളുടേതല്ലാത്ത കാരണത്താൽ മറ്റു കുട്ടികളെപ്പോലെ പഠിക്കാനും വളരാനും സാധിക്കാത്ത ഒട്ടേറെ കുട്ടികൾ നമുക്കിടയിലുണ്ട്.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഈ കുട്ടികളുടെ സന്തോഷവും പഠനവും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. പൊതാവൂർ പ്രദേശത്തെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയ സമൂഹത്തിൽ മറ്റു കുട്ടികൾക്കോപ്പം ഇടപെടുമ്പോൾ ഇവരിൽ സാമൂഹിക വികാസം സാധ്യമാകുന്നുണ്ട്.എന്നിരുന്നാലും ഇവർക്കായി വരുംവർഷങ്ങളിൽ പഠനവും,വളർച്ചയും സന്തോഷവും മുന്നിൽ കണ്ട് സമഗ്ര അക്കാദമിക പരിപാടികൾ വിദ്യാലയം ഏറ്റെടുക്കേണ്ടതുണ്ട്

**ഉദ്ദേശ്യം**

വിദ്യാലയത്തിൽ എന്റോൾ ചെയ്ത മുഴുവൻ മാനസിക വെല്ലുവിളികൾ നേരിടുന്ന ഈ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക

**ലക്ഷ്യങ്ങൾ**

- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വ്യക്തിഗത പഠനപദ്ധതി തയ്യാറാക്കുക വഴി നിലവിലെ കഴിവ് - അറിവ് നിലയിൽ നിന്നും അവരുടെ കഴിവിന്റെ പരമാവധിയിലേക്ക് ഉയർത്തുവാൻ സാധിക്കും.
- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികള പരിഗണിച്ച് വിദ്യാലയത്തിൽ പരമാവധി അനുരൂപീകരണ സാധ്യതകൾ ഉറപ്പുവരുത്തുകയും ഫലപ്രദമായ പഠനപ്രവർത്തനം ഉറപ്പാക്കണം
- ഭൗതിക അനുരൂപീകരണത്തോടൊപ്പം കരിക്കുലം അനുരൂപീകരണം,മൂല്യനിർണയ ഉപാധികളുടെ അനുരൂപീകരണം എന്നിവ വിദ്യാലയം ഏറ്റെടുക്കണം.
- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കായി ഇൻക്ലൂസീവ് പാരന്റിങ്ങ് സംഘടിപ്പിക്കുന്നതിലൂടെ പിന്തുണ ഉറപ്പാക്കാൻ സാധിക്കും

**പ്രവർത്തനങ്ങൾ**

**കരിക്കുലം അനുരൂപീകരണം**

പൈലറ്റ് പ്രൊജക്ടായി മാതൃഭാഷ,ഗണിതം എന്നീ വിഷയങ്ങളെ അനുരൂപീകരണം നടത്തൽ

- വിഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ
- പഠനനേട്ടങ്ങളെ ശിശുപക്ഷത്ത് നിന്ന് അനുരൂപീകരണം നടത്തൽ
- അനുരൂപീകരണ മെറ്റീരിയൽ നിർമ്മാണം - ശില്പശാല
- അനുരൂപീരണം ക്ലാസ് തല ട്രൈഔട്ടുകൾ ഏറ്റെടുക്കൽ
- വിലയിരുത്തൽ , ആവശ്യമായ പിന്തുണ ഉറപ്പാക്കൽ


**മൂല്യനിർണയോപാധിയുടെ അനുരൂപീകരണം**

- വിഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ
- പഠനനേട്ടങ്ങളെ അനുരൂപീകരണം നടത്തൽ
- ടൂൾ അനുരൂപീകരണം നടത്തൽ
- ടൂൾ - ട്രൈഔട്ടുകൾ
- വിലയിരുത്തൽ

**ഇൻക്ലൂസീവ് പാരന്റിങ്ങ്**

- മൊഡ്യൂൾ തയ്യാറാക്കൽ
- രക്ഷിതാക്കൾക്ക് പരിശീലനം സംഘടിപ്പിക്കൽ
- ഫീഡ്ബക്ക് ശേഖരിക്കൽ
- വിലയിരുത്തൽ,ഫലപ്രാപ്തി നിർണയിക്കൽ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം എന്നത് വിദ്യാലയം വലിയ ഊന്നൽ നൽകി ഏറ്റെടുക്കണം.ശാരീരിക വെല്ലുവിളി കാരണം കിടപ്പിലായിപ്പോ. കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തനും ഇവർക്കായി സമൂഹശ്രദ്ധ ക്ഷണിക്കാനും വിദ്യാലയം മുന്നിൽ നിന്ന് പ്രവർത്തിക്കണം.ഇങ്ങനെ എല്ലാ പഠിതാക്കളെയും പരിഗണിക്കുമ്പോഴാണ് നമ്മുടെ വിദ്യാലയം ശിശുസൗഹൃദ വിദ്യാലയമായി മാറുക.



## English Enrichment Programmes in school

It is a common anxiety of some of our parents that students of Malayalam medium classes do not get enough expossure to English language so that their performance in English is very poor. However as we go for a comprehensive academic master plan , we have also gone through the academic achievements of our students. From the study, it is inferred that a good number of students consider English comparatively difficult for higher grades and a considerable number of students fail in the exam,irrespective of their medium . Additionally,taking in to account the valuable suggestion of our parents in the parent – orientation classes , we have decided to enrich english education through various activities that would provide our learners maximum learning experience. Hence focus is to be laid on the four major areas of language acquisition.

### Aim

### Ensure second language acquisition by providing effecctive language atmosphere

### objectives

* Develop an English friendly atmosphere in campus
* Provide maximum learning experience to promote the basic skills – listening, speaking, reading and writing
* Make students confident enough to take part in language activities and programmes at all stages
* Ensure easy and effective communication at all stages

# വായനാവസന്തം

**ആമുഖം**

അടിസ്ഥാനഭാഷാശേഷിയായ വായന, ഭാഷാവിഷയങ്ങൾക്ക് മാത്രമല്ല എല്ലാ വിഷയത്തിനും വായന വളരെ പ്രധാനപ്പെട്ടതാണ്. കുട്ടികൾ അവരുടെ നിലവാരത്തിന് യോജിച്ച, അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും അവ വായിച്ച് വായനാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ഇടങ്ങളായി വിദ്യാലയം മാറുന്നു.

**ഉദ്ദേശ്യങ്ങൾ**

1. കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയും വായിച്ച് വിവരങ്ങൾ ഉൾക്കൊള്ളാനും ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ കണ്ടെത്തുന്നതിനും സാധിക്കുന്നു.
2. ഓരോ ക്ലാസിലെയും വ്യത്യസ്ത വിഷയങ്ങളിൽ യോജിച്ച പുസ്തകങ്ങൾ വായിക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ചെയ്യുന്നു.
3. വായിച്ച പുസ്തകങ്ങളെ വിലയിരുത്തുകയും അവർ വിമർശനാത്മകമായി സമീപിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.
4. ആശയഗ്രഹണ വായന, സ്വതന്ത്രവായന തുടങ്ങിയവ പൂർണ്ണ അർത്ഥത്താൽ സ്വായത്തമാക്കുന്നു.
5. നിരന്തരവായന കുട്ടിയെ സർഗ്ഗാത്മക രചനയിലേക്ക് നയിക്കുന്നതിന് പര്യാപ്തമാക്കുന്നു.
6. സ്വതന്ത്രവായനയുടെ ഇടമായി ലൈബ്രറികൾ മാറുന്നു.
7. ഹോംലൈബ്രറി സജ്ജമാക്കുന്നതിന് ഊന്നൽ നൽകൽ

**ലക്ഷ്യങ്ങൾ**

- ❖ മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്ക് സജ്ജരാക്കുന്നു.
- ❖ ഓരോ ക്ലാസിനും അതത് ക്ലാസിന് അനുയോജ്യമായ നിലവാരത്തിലുള്ള ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറി കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ ശാസ്ത്രീയമായി സജ്ജീകരിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിൽ പുസ്തകം സജ്ജീകരിക്കുന്നു.
- ❖ റഫറൻസ്, ഇ.ലൈബ്രറി , സമഗ്ര ഗ്രന്ഥസോഫ്ട് ഇൻസ്റ്റാലഷൻ എന്നിവ സജ്ജീ

കരിക്കുന്നു.

- ❖ ഓരോ ക്ലാസിന്റെയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായി പ്രത്യേകമായി പുസ്ത കങ്ങൾ സജ്ജീകരിക്കുന്നു.
- ❖ വിദ്യാർത്ഥികൾക്കായി ബുക്ക് ബൈൻഡിംഗ് പരിശീലനം സംഘടിപ്പിച്ച ബൈൻഡിങ്ങിൽ പ്രാവീണ്യം നേടുന്നു.
- ❖ ഒരു ലൈബ്രേറിയന്റ ചുമതലകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ അറിയുന്നതി നായി ലൈബ്രേറിയൻ കോഴ്സ് സംഘടിപ്പിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നതിനായി നിരന്തര മായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പ്രാദേശികമായി കുട്ടികളിൽ നിന്ന്, രക്ഷിതാക്കളിൽ നിന്ന് - ഇങ്ങനെ ദിനംതോറും വളരുന്ന സ്കൂൾ ലൈബ്രറി സാധ്യമാക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എടുക്കുന്നതിനായി മെമ്പർഷിപ്പ് കാർഡ് (പുസ്തകങ്ങൾ എടുക്കുന്ന വിവരം) ഏർപ്പെടുത്തുന്നു.
- ❖ ഓരോ വർഷത്തെയും മികച്ച വായനക്കാരി, വായനക്കാരൻ എന്നിങ്ങനെ കണ്ടെത്തി അനുമോദിക്കുന്നു.
- ❖ ഓരോ വിദ്യാർത്ഥിയുടെയും അവരുടെ വീടുകളിൽ യോജിച്ച തരത്തിലുള്ള ഹോംലൈബ്രറി സജ്ജീകരിക്കുന്നു.
- ❖ ക്ലാസ് ലൈബ്രേറിയനായി ഓരോരുത്തരും പ്രവർത്തിക്കുകയും ചുമതലകൾ ഏറ്റെടുക്കുകയും ചെയ്യുന്നു.
- ❖ ഹോംലൈബ്രറി സജ്ജമാക്കുന്നതിനുള്ള പ്രവർത്തങ്ങൾ വിദ്യാലയം ഏറ്റെടു ക്കുന്നു

## പ്രവർത്തനങ്ങൾ

### സുസജ്ജമായ സ്കൂൾ ലൈബ്രറി

വിഷയം, ഭാഷ, വിഭാഗം അടിസ്ഥാനത്തിൽ ക്രമീകരിച്ച വിശാലമായ സ്കൂൾ ലൈബ്രറിയാൽ വിദ്യാർത്ഥികൾക്ക് സ്വന്തം പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ അവ സരം ലഭിക്കുന്നു. വിപുലമായ ഇ.ലൈബ്രറി, റഫറൻസ് വിഭാഗം, സമഗ്രഗ്രന്ഥ സോഫ്റ്റ്, പ്രാദേശിക പുസ്തകങ്ങൾ തുടങ്ങിയവയും സജ്ജീകരിക്കുന്നു.

### ഫലപ്രദമായ ക്ലാസ്ലൈബ്രറി

ക്ലാസ്മുറികളിലെ പാഠഭാഗത്തിന് യോജിച്ച പുസ്തകങ്ങൾ ക്രമീകരിച്ച ക്ലാസ് ലൈബ്രറി സംവിധാനം ഒരുക്കുന്നു.പുസ്തകവികരണവും,സൂക്ഷിപ്പും കുട്ടികളുടെ

ചുമതലയായി നിർണയിക്കുന്നു.

- **ക്ലാസ്റൂം വായന**

  ഓരോ കുട്ടിയും ശ്രാവ്യവായനയും ആശയഗ്രഹണവായനയും പൂർണ്ണതലത്തിൽ സ്വായത്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

- **വായനാ ക്യാമ്പ്**

  കുട്ടികൾക്കായി വായനാക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിൽ സർഗ്ഗാത്മക രചന, മുഖാമുഖം, വായനാക്കുറിപ്പ്, അവതരണം എന്നിങ്ങനെ പരിപാടികൾ സംഘടിപ്പിക്കുന്നു.

- **അമ്മ വായന**

  കുട്ടികളുടെ അമ്മമാർക്കായി പുസ്തകങ്ങൾ നൽകുന്നു. രക്ഷിതാക്കളും സ്കൂളും തമ്മിൽ സൗഹൃദപരമായ അന്തരീക്ഷം ഇതിലൂടെ സാധ്യമാകുന്നു.

- **വായനാ കാർഡ് നിർമ്മാണം**

  പുസ്തകങ്ങൾ അടിസ്ഥാനമാക്കി കാർഡുകൾ നിർമ്മിക്കുന്നു. ഇത് ശില്പശാലകൾ സംഘടിപ്പിക്കുന്നതിലൂടെ സാധ്യമാകുന്നു. കൂടാതെ എൻട്രികാർഡ് എന്ന രീതിയിൽ വായനക്ക് താൽപ്പര്യമുളവാക്കുന്ന രീതിയിലുള്ള കാർഡുകളും നിർമ്മിക്കുന്നു.

- **ഡിജിറ്റൽ റീഡിങ്ങ് ചാർട്ട്**

  കുട്ടികളെ സ്വതന്ത്രവായനക്കാരാക്കാൻ ഡിജിറ്റൽ റീഡിങ്ങ് ട്രാക്കർ സംവിധാനം നടപ്പാക്കുന്നു.

**സ്കൂൾ ആകാശവാണി**

സ്കൂളിൽ പ്രവർത്തിക്കുന്ന ആകാശവാണിയിലൂടെ വായനയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വായനാക്കുറിപ്പുകളുടെ അവതരണം - ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് - കവികളുടെ/കഥാകൃത്തുക്കളുടെ ലഘുവിവരണം എന്നിവ പഠന ഇടവേളകളിൽ കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ പ്രക്ഷേപണം ചെയ്യുന്നു.

**വിദ്യാരംഗം കലാസാഹിത്യവേദി/സുരീലി ഹിന്ദി**

വേദിയിൽ അംഗങ്ങൾ ആയിട്ടുള്ള കുട്ടികൾക്കായി വൈവിധ്യമുള്ള വായനാപരിപാടികൾ സംഘടിപ്പിക്കുന്നു. അതോടൊപ്പം പ്രൈമറി ക്ലാസുകളിലെ ബാലസഭ പ്രതിവാര പരിപാടികളിൽ വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**വായനാദിനം**

വായനാദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ വായനാവാരാചരണം, സാഹിത്യ കാരന്മാരുടെ അനുഭവങ്ങൾ പങ്കുവെക്കൽ, കവികളുമായി മുഖാമുഖം, ലൈബ്രറി നോട്ട് എഴുത്ത് മത്സരം, വായനാക്വിസ് എന്നിവ സംഘടിപ്പിക്കുന്നു.

**ക്ലാസുതല പതിപ്പുകൾ**

വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കിയും സ്വതന്ത്രമായും രചനകൾ രൂപ പ്പെടുന്നു. അവ മെച്ചപ്പെടുത്തി പതിപ്പുകളായി മാറ്റുന്നു. മികച്ചവ സ്കൂൾ ലൈബ്ര റിയിലെ വായനാഹാളിലേക്ക് എത്തിക്കുന്നു. വർഷാവസാനം പതിപ്പുകളുടെ പ്രദർശനം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

**അഭിമുഖം**

പാഠപുസ്തകങ്ങളിലെ കഥ/കവിതയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സാഹിത്യകാരന്മാരുമായി അവരുടെ രചന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനായി അഭിമുഖം സംഘടിപ്പിക്കുന്നു.

**പ്രാദേശിക ലൈബ്രറികളിലെ പങ്കാളിത്തം**

കുട്ടികൾ അവരുടെ വീടിനടുത്തുള്ള ലൈബ്രറിയുമായി ബന്ധപ്പെടുകയും അതിന്റെ വികസനത്തിന് അവർക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെ ടുന്നു. ഇതിലൂടെ കുട്ടികളിൽ സാമൂഹ്യബോധം ഉണ്ടാക്കുന്നതിന് സാധ്യമാകുന്നു.

**സുസജ്ജമായ റീഡിംഗ് റൂം**

സ്കൂളിലെ ലൈബ്രറിയോട് അനുബന്ധിച്ച് വിശാലമായ വായനാമുറി സജ്ജീ കരിക്കുന്നു. പഠന ഇടവേളകളിലും വിശ്രമസമയങ്ങളിലും ആനുകാലികങ്ങൾ, ദിന പത്രങ്ങൾ, കരിയർ മാസികകൾ, ബാലമാസികകൾ, കുട്ടികളുടെ പത്രം, കൈയ്യെ ഴുത്തു മാസിക, മറ്റ് ഭാഷാ ദിപത്രങ്ങൾ എന്നിവ വായനക്കായി ലഭ്യമാക്കുന്നു.

**വായനാപന്തൽ**

വിദ്യാലയ ക്യാമ്പസിൽ പ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള ജൈവ - വായനാ പന്തൽ സജ്ജീകരിക്കുന്നു. വാതിലുകളും ജനാലകളുമില്ലാത്ത എപ്പോഴും കടന്നു ചെല്ലാവുന്ന വായനാ ഇടമായി വായനാ പന്തൽ  മാറുന്നു.

**ആനുകാലികങ്ങൾ പ്രദർശിപ്പിക്കുന്നു**

ആനുകാലികങ്ങൾ, ദിനപത്രങ്ങൾ, ബാലമാസികകൾ, കരിയൻ ഗൈഡൻസ് മാസികകൾ എന്നിവ കുട്ടികൾ കാണത്തക്ക രീതിയിൽ ഭംഗിയായി പ്രദർശിപ്പിക്കു

ന്നു. വായിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

**സ്പോൺസർ വഴി പുസ്തകശേഖരണം**

കുട്ടികളുടെ ക്ലാസ് നിലവാരത്തിനനുസരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കുന്നു. ആ ലിസ്റ്റിൽ നിന്ന് രക്ഷിതാക്കൾ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സ്പോൺസർ ചെയ്യുന്നു.

**എല്ലാ ക്ലാസുകളിലും ദിനപത്രങ്ങൾ**

വിദ്യാലയത്തിലെ എല്ലാ ക്ലാസ്മുറികളിലും മൂന്ന് മുഖ്യധാരാ മലയാളദിനപ്പത്രങ്ങളും ഒരു ഇംഗ്ലീഷ് പത്രവും സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുന്നു.

**ബുള്ളറ്റിൻ ബോർഡ്**

ലൈബ്രറി, റീഡിംഗ് റൂം എന്നിവക്ക് മുന്നിലായി ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. കുട്ടികളുടെ മികച്ച സൃഷ്ടികൾ, വാർത്തകൾ, അറിയിപ്പുകൾ ഇവ അതിൽ പതിക്കുന്നു.

**വീട്ടിലൊരു ലൈബ്രറി**

ഓരോ കുട്ടിയുടെയും വീട്ടിൽ ലഭ്യമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ലൈബ്രറി സജ്ജീകരിക്കുന്നു. ലൈബ്രറി സന്ദർശനത്തിനായി അധ്യാപകരടങ്ങിയ സംഘം മാസത്തിലൊരിക്കൽ വീടുകളിലെത്തുന്നു.

**പുസ്തക ശേഖരണം - പിറന്നാളിനൊരു പുസ്തകം പിറന്നാളിനൊരു പൂച്ചട്ടി**

ഓരോ കുട്ടിയുടെയും പിറന്നാൾ ദിനത്തിൽ സ്കൂൾ/ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യുന്നു. കൂടെ വിദ്യാലയത്തിലെ ഉദ്യാനത്തിലേക്ക് പൂച്ചട്ടിയും.

**പുസ്തകങ്ങളുടെ ക്ലാസ് അടിസ്ഥാനത്തിലുള്ള പട്ടിക**

ഓരോ ക്ലാസ്സിന്റെയും പാഠഭാഗത്തോട് അനുബന്ധിച്ച് ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക രൂപീകരിക്കുന്നു. ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇതിൽ നിന്നുമാണ് - പിറന്നാളിനൊരു പുസ്തകം - എന്ന പരിപാടിയുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് എത്തേണ്ടത്.

# എ.യു.പി.എസ് പൊതാവൂർ
## പട്ടിക

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | പ്രതീക്ഷിക്കുന്ന ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | ക്ലാസ് റൂം വായന | 2025 ജൂൺ - മാർച്ച് | | |
| 2 | വായനാ ക്യാമ്പ് | 2025 ജൂൺ - മാർച്ച് | | |
| 3 | അമ്മ വായന | 2025 ജൂൺ - മാർച്ച് | | |
| 4 | വായനാകാർഡ് നിർമ്മാണം | 2025 ജൂൺ - മാർച്ച് | | |
| 5 | സ്കൂൾ ആകാശവാണി | 2025 ജൂൺ - മാർച്ച് | | |
| 6 | വിദ്യാരംഗം കലാസാഹിത്യവേദി | 2025 ജൂൺ - മാർച്ച് | | |
| 7 | വായനാദിനം | 2025 ജൂൺ - മാർച്ച് | | |
| 8 | ക്ലാസുതല പതിപ്പുകൾ | 2025 ജൂൺ - മാർച്ച് | | |
| 9 | അഭിമുഖം | 2025 ജൂൺ - മാർച്ച് | | |

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | പ്രതീക്ഷിക്കുന്ന ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 10 | പ്രാദേശിക ലൈബ്രറിയുടെ പങ്കാളിത്തം | 2025 ജൂൺ - മാർച്ച് | | |
| 11 | സുസജ്ജമായ റീഡിംഗ്റൂം | 2025 ജൂൺ - 2020 മാർച്ച് | | |
| 12 | വായനാപന്തൽ | 2025 ജൂൺ - 2020 മാർച്ച് | | |
| 13 | ആനുകാലികങ്ങൾ പ്രദർശനം | 2025 ജൂൺ - മാർച്ച് | | |
| 14 | സ്പോൺസർഷിപ്പിലൂടെ പുസ്തകശേഖരണം | 2025 ജൂൺ - മാർച്ച് | | |
| 15 | എല്ലാ ക്ലാസിലും ദിനപത്രങ്ങൾ | 2025 ജൂൺ - മാർച്ച് | | |
| 16 | ബുള്ളറ്റിൻ ബോർഡ് | 2025 ജൂൺ - മാർച്ച് | | |
| 17 | വീട്ടിലൊരു ലൈബ്രറി | 2025 ജൂൺ - 2020 മാർച്ച് | | |
| 18 | പുസ്തക ശേഖരണം | 2025 ജൂൺ - 2020 മാർച്ച് | | |
| 19 | ക്ലാസ് അടിസ്ഥാനത്തിലുള്ള പട്ടിക | 2025 ജൂൺ - മാർച്ച് | | |
| 20 | സുസജ്ജമായ സ്കൂൾ ലൈബ്രറി | 2025 ജൂൺ - 2020 മാർച്ച് | | |

# തുല്യത

**ആമുഖം**

വിവേചന രഹിതമായ വിദ്യാലയ അന്തരീക്ഷത്തിൽ ആഹ്ലാദകരമായ പഠനം ഉറപ്പാക്കുക എന്നതാണ് RTC Act ലക്ഷ്യം വയ്ക്കുന്നത്. ആൺ, പെൺ വിവേചനം ചെറിയ തോതിലെങ്കിലും നിലനിൽക്കുന്ന ഒരു സാമൂഹിക അന്തരീക്ഷമാണ് നില വിലുള്ളത്. നമ്മുടെ കുട്ടികൾക്കിടയിൽ ഈ വിവേചനം ഇല്ലാതാക്കുവാനും, അവർക്ക് തുല്യത ഉറപ്പാക്കുവാനുമുള്ള വിദ്യാലയ സമഗ്ര പദ്ധതിയാണ് നാം ആവിഷ്ക്കരി ക്കുന്നത്.

**ഉദ്ദേശ്യം**

ലിംഗവിവേചനം ഇല്ലാത്ത വിദ്യാർത്ഥി സമൂഹത്തെ ഒരുക്കുന്നതിനായി നിര ന്തരമായ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിൽ തുല്യത ഉറപ്പുവരുത്തുക. ലിംഗ വ്യത്യാസമില്ലാതെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

**ലക്ഷ്യങ്ങൾ**

- വിദ്യാലയത്തിൽ തുല്യത ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്ക രിക്കുക.
- ഗൃഹാന്തരീക്ഷത്തിൽ തുല്യത ഉറപ്പുവരുത്തുക.
  സമൂഹത്തിൽ തുല്യത ഉറപ്പാക്കുവാൻ ക്രീയാത്മകമായ ഇടപെടൽ നടത്തുക.

**പ്രവർത്തനങ്ങൾ**

ആൺ പെൺ വിവേചനം ചെറിയ തോതിലെങ്കിലും നിലനിൽക്കുന്ന ഒരു സാമൂ ഹിക അന്തരീക്ഷത്തിൽ പെൺകുട്ടികളെ ആൺകുട്ടികൾക്കൊപ്പമെത്തിക്കുവാനായി വിദ്യാലയത്തിൽ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ട തുണ്ട്.

- **സ്വരക്ഷാ പരിശീലനം** – പെൺകുട്ടികൾക്ക് ഭയം കൂടാതെ എവിടെയും പോകു വാനും, ഏത് പ്രതിസന്ധികളെയും തരണം ചെയ്യുവാനും സാധിക്കേണ്ടതുണ്ട്.

ഇതിനായി വിദ്യാലയത്തിൽ 5-ാം ക്ലാസുമുതൽ എല്ലാ പെൺകുട്ടികൾക്കും കരാട്ടെ,തെയ്ക്കോണ്ടോ പരിശീലനങ്ങൾ എന്നതാണ് ഒന്നാമത്തെ ലക്ഷ്യം.

- **ജീവിത നൈപുണി പരിശീലനം** - പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്താനും കുടുംബത്തിലും വിദ്യാലയത്തിലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും പ്രാപ്തരാക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കൽ. ഇത്തരം ക്യാമ്പുകളിൽ മരം കയറാൻ പരിശീലനം, പ്രസംഗ പരിശീലനം, തൊഴിൽ പരിശീലനം തുടങ്ങിയവ നൽകൽ.

- **പെൺകരുത്ത്** - ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ച സ്ത്രീ വ്യക്തിത്വങ്ങളെ സ്കൂളിലേക്ക് ക്ഷണിച്ച് പെൺകുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, അനുഭവങ്ങൾ പങ്കുവെയ്ക്കൽ, ഈ വിഷയവുമായി ബന്ധപ്പെട്ട സെമിനാറുകളും സിമ്പോസിയം, ചർച്ചകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

- **കായിക പരിശീലനം** - കായിക ഇനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ എല്ലാ മത്സര ഇനങ്ങളിലും പെൺകുട്ടികൾ പങ്കെടുക്കുന്നതിനായി അവർക്ക് നല്ല പരിശീലനം നൽകേണ്ടതുണ്ട്. അത്‌ലറ്റിക് ഇനങ്ങളിലും പെൺകുട്ടികളുടെ ടീം ഉണ്ടാക്കിയും പ്രത്യേകം പരിശീലനം നൽകൽ. കായിക പരിശീനത്തോടൊപ്പം എല്ലാ പെൺകുട്ടികൾക്കും നീന്തൽ പരിശീലനവും നൽകൽ.

- **സൈക്കിൾ പരിശീലനം** - സൈക്കിൾ സവാരികൾക്ക് നല്ലൊരു വ്യായാമമാണ് മൂന്നാം ക്ലാസുമുതലുള്ള എല്ലാ പെൺകുട്ടികൾക്കും സൈക്കിൾ പരിശീലനം നൽകി അവരെ ആത്മവിശ്വാസമുള്ളവരാക്കി മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യം.

- **ക്ലാസുകളിലും അസംബ്ലിയിലും തുല്യത** - വിദ്യാലയത്തിൽ ക്ലാസുകളിൽ തുല്യത ഉറപ്പുവരുത്താൻ 'എല്ലാവരും ലീഡർമാർ' എന്ന പരിപാടി എല്ലാ ക്ലാസുകളിലും നടപ്പിലാക്കൽ. ക്ലാസിലെ ചുമതലാ വിഭജനത്തിൽ തുല്യത ഉറപ്പുവരുത്തൽ, ക്ലബ്ബ് പ്രവർത്തനങ്ങളിൽ തുല്യത പുലർത്തൽ അസംബ്ലിയിൽ തുല്യത ഉറപ്പു വരുത്തി പരിപാടികൾ ആസൂത്രണം ചെയ്യൽ.

- **വായനയിലൂടെ കരുത്ത് നേടൽ** - പെൺകുട്ടികൾക്ക് മോട്ടിവേഷൻ നൽകുന്ന രീതിയിലുള്ള ധാരാളം പുസ്തകങ്ങൾ ഉണ്ട്. ഇത്തരം പുസ്തകങ്ങൾ ക്ലാസ് ലൈബ്രറികളിലും സ്കൂൾ ലൈബ്രറിയിൽ ഒരുക്കുകയും ഇത്തരം പുസ്തകങ്ങൾ പെൺകുട്ടികൾ കൈമാറി വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യൽ.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലയളവ് | ചുമതല | പ്രതീക്ഷിച്ച ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്വരക്ഷാ പരിശീലനം | | PET അധ്യാപകൻ | | |
| 2 | ജീവിത നൈപുണി പരിശീലനം - ക്യാമ്പുകൾ | | ഗൈഡൻസ് & കൗൺസിലിംഗ് ടീച്ചർ | | |
| 3 | പെൺകരുത്ത് ബോധവൽക്കരണ ക്ലാസ് | | ഗൈഡൻസ് & കൗൺസിലിംഗ് ടീച്ചർ | | |
| 4 | സെമിനാറുകളും സിമ്പോസിയം | | ഗൈഡൻസ് & കൗൺസിലിംഗ് ടീച്ചർ | | |
| 5 | കായിക പരിശീലനം<br>നീന്തൽ പരിശീലനം | | കായിക അദ്ധ്യാപകൻ<br>PTA, SRG | | |
| 6 | സൈക്കിൾ പരിശീലനം | | SRG, PTA | | |
| 7 | ക്ലാസുകളിലും അസംബ്ലിയിലും തുല്യത | | SRG | | |
| 8 | വായനയിലൂടെ കരുത്ത് നേടൽ | | SRG | | |

പദ്ധതിയുടെ വിജയകരമായ നടപ്പിലൂടെ നടത്തിപ്പിലൂടെ ആൺകുട്ടികൾക്കൊപ്പം പെൺകുട്ടികളും വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്താൻ പ്രാപ്തരാക്കും. ഈ പദ്ധതിയിലൂടെ 2026 ആകുമ്പോഴേക്കും സ്കൂളിൽ പൂർണ അർത്ഥത്തിൽ തുല്യത ഉറപ്പു വരുത്താൻ സാധിക്കും.



# അമ്മ ടീച്ചർ പദ്ധതി

പിറന്നുവീണ സമയം തൊട്ട് മാറിലെ ചൂടും വാത്സല്യവും ആവോളം അനുഭവിച്ചറിയുന്നവരാണ് കുഞ്ഞുങ്ങൾ. അവർക്ക് മുലപ്പാലിന്റെ മാധുര്യത്തോടൊപ്പം നന്മയുടെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുന്നവളാണ് അമ്മ. അവൻ പഠിക്കുന്ന പാഠങ്ങളൊക്കെയും ആ മഹാഗുരുവിൽ നിന്നും കിട്ടിയതാണ്.

എന്നും തന്റെ കുഞ്ഞിന്റെ സന്തത സഹചാരിയായി, അവനെ അറിവിന്റെ വിഹായസ്സിൽ പറന്നുയരാൻ വേണ്ടി, ഗുരുവായും കൂട്ടുകാരിയായും അവനോടൊപ്പം നിൽക്കാൻ ഓരോ അമ്മമാർക്കും കഴിയണം. അതിനായി അവർ ഇനിയും മാറേണ്ടിയിരിക്കുന്നു. ഈ മാറ്റത്തിലേക്കുള്ള ഒരു ചുവടുവെപ്പാണ് “അമ്മ ടീച്ചർ പദ്ധതി.”

**ഉദ്ദേശ്യങ്ങൾ**

- സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കിക്കൊണ്ട് സ്കൂൾ പ്രവർത്തനങ്ങൾ എത്രത്തോളം ആകർഷകമാക്കും.
- സ്കൂൾ അന്തരീക്ഷം മാറിയ സാഹചര്യത്തിൽ അമ്മമാർ എങ്ങിനെ മാറേണ്ടിയിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.
- ശക്തമായ പിന്തുണ ഉറപ്പാക്കിക്കൊണ്ട് എല്ലാ പ്രവർത്തനങ്ങളിലും അമ്മമാരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തുക.

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമാകുംവിധം അമ്മമാരെ മാറ്റിയെടുക്കുക.
- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും അമ്മമാരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.
- ഓരോ പ്രവർത്തനങ്ങൾക്കും ആവശ്യമായ തന്ത്രങ്ങൾ വികസിപ്പിക്കുക.

**ടാർജറ്റ് ഗ്രൂപ്പ്**

1-4/7 വരെയുള്ള അമ്മമാരുടെ ശാക്തീകരണം

❖ **മാതൃശാക്തീകരണം**

3 ഘട്ടങ്ങളിലായുള്ള ഏകദിന പരിപാടി

(എ) മൊഡ്യൂൾ തയ്യാറാക്കൽ)

* പരിചയപ്പെടൽ

* ഞാൻ ആര്? സ്കൂളിനു വേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും

* ക്രോഡീകരണം

“വീട് പോലെ പ്രധാനം സ്കൂളും” അതേ സ്ഥാനമാണ് സ്കൂളിലും എന്ന

ആശയം.

(ബി) പരിശീലനങ്ങൾ സംഘടിപ്പിക്കൽ

(സി) പരിശീലനത്തിന്റെ ഫലപ്രാപ്തി അന്വേഷിക്കൽ

പിന്തുണ സംവിധാനങ്ങൾ - പി.ടി.എ, എസ്.ആർ.ജി

പ്രതീക്ഷിത ചിലവ് -

❖ **മദേഴ്സ് ഫോറം രൂപീകരണം**

LP Class x 5 =

UP Class x 5 =

* കമ്മിറ്റി രൂപീകരണം
* ചുമതലകൾ ലിസ്റ്റ് ചെയ്യൽ
* ഏതൊക്കെ കാര്യങ്ങൾ ഏറ്റെടുക്കാം.

❖ **ജൈവകൃഷി**

അമ്മമാരുടെ സഹായത്തോടെ സ്കൂളിനൊരു ജൈവ പച്ചക്കറിത്തോട്ടം.

❖ **സർഗ്ഗാത്മക കളരി**

അമ്മമാരുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ, രചനാ ശില്പശാലകൾ - ഉണ്ടാകുന്ന നല്ല സൃഷ്ടികൾ സ്കൂൾ ലൈബ്രറിയിലേക്ക്.

പുസ്തകങ്ങൾക്കൊരു എൻട്രി കാർഡ് നിർമ്മാണം - അമ്മമാർ പുസ്തകങ്ങൾ എടുത്ത് വായിച്ച് അവയെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കൽ - ലൈബ്രറിയിലേക്ക്.

❖ **ഗൃഹസന്ദർശനം**

മദേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ചെറുസംഘങ്ങളാക്കി, ഓരോ ഏരിയ തിരിച്ച് ഗൃഹസന്ദർശനം - കുട്ടികളുടെ ഗൃഹാന്തരീക്ഷം പരിചയപ്പെടൽ, വായനയെ പ്രോത്സാഹിപ്പിക്കൽ.

❖ **അമ്മ ടീച്ചർ**

അധ്യാപകരുടെ അസാന്നിദ്ധ്യത്തിൽ ക്ലാസ് റൂം കൈകാര്യം ചെയ്യൽ.

പിന്തുണാ സംവിധാനങ്ങൾ - പി.ടി.എ, എസ്.ആർ.ജി

സമീപത്തുള്ള ലൈബ്രറി, ക്ലബ്ബുകൾ തുടങ്ങിയവ